പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5829 — 27.10.2011-ൽ മറുപടിയ്ക്ക്

# ജൈവകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.സി. ജോർജ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. റോഷി അഗസ്റ്റിൻ : | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ജൈവകൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;<br><br>(ബി) ജൈവകൃഷി വ്യാപകമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ കാർഷിക മേഖലയെ ഘട്ടം ഘട്ടമായി ജൈവ കൃഷിയിലേക്ക് മാറ്റുന്നതിനായി ഒരു ജൈവകൃഷി നയം സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. കേരളത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2010-2011 വർഷം ഓർഗാനിക്ക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപ വകയിരുത്തുകയും, ചെലവഴിക്കുകയും ചെയ്തു. 14 ജില്ലകളിലെ 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലായി 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപ സഹായത്തോടെ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ട്. 2011-2012 വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം |

സംസ്ഥാനത്ത് 3500 ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവ കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2010–2011 വർഷം ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി തുടരാൻ ഈ വർഷവും സഹായധനം നൽകുന്നതാണ്. ഇതിനു പുറമെ പരിശീലനം, ബോധവൽക്കരണം, ജൈവ ഉല്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നു. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 20000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10000 രൂപ അനുവദിക്കുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും

രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിയ്ക്കും. 2011-12-ൽ ഈ വിളകളിൽ ജൈവകൃഷി പ്രാവർത്തികമാക്കുന്നതിന് 1500 ഹെക്ടർ സ്ഥലത്തേയ്ക്ക് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷനുവേണ്ടി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷനുവേണ്ടി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടിഫിക്കഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കുന്നതാണ്. 2011-12-സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം 1500 ഹെക്ടർ സ്ഥലത്തേക്ക് 45 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ഠിതമായാണ് നടപ്പിലാക്കുന്നത്.

കൂടാതെ 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്.200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് 2011-12-ൽ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ജൈവ കൃഷിയുടെ മേന്മകൾ പ്രചരിപ്പിക്കുന്നതിന് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് വിപുലമായ പ്രചാരണ നടപടികൾ സ്വീകരിക്കുമോ?

(സി) ജൈവകൃഷിയുടെ മേന്മകൾ പ്രചരിപ്പിക്കുന്നതിന് കൃഷിവകുപ്പ് കൃഷി ഭവനു കൾ കേന്ദ്രീകരിച്ച് വിപുലമായ പ്രചാരണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2011-2012 വർഷം നടപ്പാക്കുന്ന ഓർഗാനിക്ക് ഫാമിംഗ് പദ്ധതിയുടെ ഭാഗമായി സെമിനാറുകൾ. ബോധവൽകരണ പരിപാടികൾ, പബ്ലിസിറ്റി, പരിശീലനം എന്നിവ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ കൃഷി ഭവനു കളിലൂടെ നടപ്പാക്കി വരുന്നുണ്ട്.

R.R. Bdise
സെക്ഷൻ ഓഫീസർ